**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2322** **09-02-2023 - ൽ മറുപടിയ്ക്ക്**

**തിരുവല്ല സബ് ട്രഷറിക്ക് തിരുവല്ല നഗരസഭ വക സ്ഥലം അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ മാത്യൂ ടി. തോമസ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തിരുവല്ല സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തിരുവല്ല നഗരസഭ വക സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ചുള്ള കരാറിന്റെ കരട് അംഗീകരിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അംഗീകാരം നൽകിയിട്ടുള്ളത്; | (എ) | അംഗീകരിച്ചിട്ടില്ല. |
| (ബി) | ഈ കരാറിൽ ഒപ്പ് വെയ്ക്കേണ്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ്; | (ബി) | തിരുവല്ല നഗരസഭ സെക്രട്ടറി, പത്തനംതിട്ട ജില്ലാ ട്രഷറി ഓഫീസർ എന്നിവരാണ് കരാറിൽ ഒപ്പ് വയ്ക്കേണ്ട ഉദ്യോഗസ്ഥർ. |
| (സി) | സ്ഥലം വിട്ടു നൽകുന്നതിന് മുനിസിപ്പൽ കൗൺസിൽ തീരുമാനം എടുത്തത് എന്നാണ്; | (സി) | തിരുവല്ല നഗരസഭ മുൻസിപ്പൽ കൗൺസിലിന്റെ 10.05.2018 തീയതിയിലെ 4-ാം നമ്പർ തീരുമാന പ്രകാരമാണ് ഭൂമി വിട്ടു നല്കുന്നതിന് തീരുമാനം എടുത്തത്. |
| (ഡി) | സ്ഥലം വിട്ടുനൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ? | (ഡി) | തിരുവല്ല സബ്ട്രഷറിയ്ക്ക് നഗരസഭ വക സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് കത്ത് നല്കിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ